പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 813    30.06.2011- ൽ മറുപടിക്ക്

പഞ്ഞമാസ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീമതി. കെ.എസ് സലീഖ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | മുൻ സർക്കാർ പ്രഖ്യാപിച്ച പഞ്ഞമാസ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | കാലവർഷക്കെടുതികളാലും, ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ടും തൊഴിൽ നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള ആശ്വാസ പദ്ധതികൾ മത്സ്യ ബന്ധന വകുപ്പും റവന്യൂ വകുപ്പും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ഏകോപിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ബന്ധപ്പെട്ട വകുപ്പു തലത്തിൽ കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. |
| (ബി) | കാലവർഷം ആരംഭിച്ചതിനാൽ തീരദേശവാസികൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | വെള്ളപ്പൊക്കക്കെടുതികൾ നേരിടുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | വെള്ളപ്പൊക്കക്കെടുതികൾ നേരിടുന്നതിന് ജില്ലാ കളക്ട്രേറ്റിലും, താലൂക്ക് ഓഫീസുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന ദുരന്ത നിവാരണ സെല്ലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള കാര്യക്ഷമമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആവശ്യമായ ജില്ലകളിൽ കടൽക്ഷോഭം തടയുന്നതിനായി കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ മണൽചാക്കുകൾ നിരത്തുന്നതിനും വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ജലാശയങ്ങളിലേക്ക് വെള്ളം തുറന്നു വിടുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതിനും തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനായി ഫയർ ഫോഴ്സ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കാനും ഏർപ്പാടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാലവർഷക്കെടുതികളുടെ ഭാഗമായി എത്ര കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഇതിനകം കണക്കാക്കപ്പെട്ടിട്ടുള്ളത്. എത്ര പേർ മരണപ്പെടുകയുണ്ടായി; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കാലവർഷക്കെടുതിയുടെ ഭാഗമായി ലഭ്യമായ കണക്കനുസരിച്ച് 25.06.2011 വരെ 8463.30 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളാണ് ഇതിനകം കണക്കാക്കിയിട്ടുള്ളത്. 58 പേർ മരണപ്പെടുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള സ്ഥിതി വിവര കണക്ക്

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 4 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 6 |
| കോട്ടയം | 8 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 1 |
| മലപ്പുറം | 7 |
| കോഴിക്കോട് | 9 |
| വയനാട് | 0 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 2 |
| **ആകെ** | **58** |

സെക്ഷൻ ഓഫീസർ